കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് -ജീവനക്കാര്യം- ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച വരവെ വിരമിച്ച ശ്രീ. കെ.ചന്ദ്രൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 41/2015 നമ്പർ കേസ്സിൻമേലുള്ള ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ(സാധാ)നം.3268/2016/തസ്വഭവ തീയതി, തിരുവനന്തപുരം,01/12/2016**

---

പരാമർശം: 1. ശ്രീ. കെ.ചന്ദ്രൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 41/2015 നമ്പർ കേസ്സിൻമേലുള്ള 25.07.2016 ലെ ഉത്തരവ്

2. പഞ്ചായത്ത് ഡയറക്ടറുടെ 27.05.2014 ലെ ഇ 6-34127/11(1) നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമ പഞ്ചായത്തിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ കെ.ചന്ദ്രൻ ടിയാന്റെ ബിൽ കളക്ടർ തസ്തികയിലെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 4 ആഴ്ചകൾക്കകം തീരുമാനമെടുക്കണമെന്ന് പരാമർശം 1 പ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

2. ശ്രീ കെ.ചന്ദ്രൻ പാർട്ട് ടൈം പൗണ്ട് കീപ്പറായി താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് പ്യൂൺ, ജൂനിയർ ബിൽ കളക്ടർ തസ്തികകളിലേക്ക് സ്ഥാനകയറ്റം നൽകുകയും, 31.03.1984 ൽ ബിൽ കളക്ടർ തസ്തികയിൽ നിയമിതനാവുകയും ചെയ്തു. 31.05.2012 ൽ ടിയാൻ എൽ ഡി ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ നിന്ന് വിരമിക്കുകയും ചെയ്തു. .

3. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 30.03.1985 വരെ ഒരു വർഷത്തേക്ക് പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 12.07.1994 ൽ ടിയാൻ എം. ഒ. പി

പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 13.07.2014 FN ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ് 14.07.2014 AN വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നത്.

4. പരാമർശ കത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. കെ.ചന്ദ്രൻ എം. ഒ. പി പരീക്ഷ വിജയിച്ച 12.07.1994 ന്റെ തൊട്ടടുത്ത ദിവസമായ 13.07.1994 FN ന് ടിയാന്റെ എൽ ഡി ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ് 14.07.1994 AN വരെ കെ.എസ് & എസ്.എസ്.ആർ. ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

ഇപ്രകാരം പരാമർശം 1 പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 25.07.2016 ലെ ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ.എം.കെ**
ഗവ. ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (അനുബന്ധ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (രേഖാ പുസ്തകം സഹിതം)
ശ്രീ. കെ.ചന്ദ്രൻ, ഗീതാ നിവാസ്, ..., ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്,
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം.409/ഇപിഎ 1/2015)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ